"ഭരണഭാഷ-മാതൃഭാഷ"

**കേരള പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്**

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in
തീയതി : 20-11-2021

**സർക്കുലർ നം 64**

സംസ്ഥാനത്തെ വിവിധ ജയിലുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന കോടതി ഉത്തരവുകൾ നടപ്പിലാക്കുന്നതിനും സർക്കാരിൽ നിന്നും ആവശ്യപ്പെടുന്ന റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിനും കാലതാമസം നേരിടുന്നതിനാൽ വകുപ്പിനെ സംബന്ധിച്ച് ബഹു. കോടതികളിലും സർക്കാരിലും അവമതിപ്പ് ഉണ്ടാകുകയും കോടതി അലക്ഷ്യ കേസുകൾ നിലവിൽ വരികയും ചെയ്യുന്നത് സമീപകാലത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ കോടതിയുടെ ഉത്തരവ് ഉൾപ്പെടുന്ന വിഷയങ്ങളിൽ ജയിലാസ്ഥാനകാര്യാലയത്തിൽ നിന്നും ആവശ്യപ്പെടുന്ന റിപ്പോർട്ടുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിനും ഇതുസംബന്ധിച്ച് പുറമെ നിന്നുള്ള സർക്കാർ - സർക്കാരിതര ഏജൻസികളിൽ നിന്നുള്ള റിപ്പോർട്ടുകൾ ലഭ്യമാക്കുന്നതിന് ഉത്തരവായിട്ടുള്ള കേസുകളിൽ സ്ഥാപനതലത്തിൽ തന്നെ ഉദ്യോഗസ്ഥരെ പ്രത്യേകമായി നിയോഗിച്ചും രേഖാമൂലം വിവരങ്ങൾ തേടിയും ആവശ്യമായ ലേയ്സൺ വർക്കുകൾ നടത്തി പ്രസ്തുത റിപ്പോർട്ടുകൾ ലഭ്യമാക്കി അടിയന്തിരമായി ജയിലാസ്ഥാനകാര്യാലയത്തിൽ സമർപ്പിക്കുന്നതിനും ഓരോ സ്ഥാപനമേധാവികളും പ്രത്യേകം ശ്രദ്ധ ചെലുത്തണമെന്ന് നിർദ്ദേശിക്കുന്നു.

ഡോ ഷെയ്ക്ക് ദർവേഷ് സാഹിബ് ഐപിഎസ്
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: എല്ലാ ജയിൽ സ്ഥാപനമേധാവികൾക്കും

പകർപ്പ് : ഡി.ഐ.ജി,
ദക്ഷിണ മേഖല/ഉത്തരമേഖല/മദ്ധ്യമേഖല